## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാല- 2017-18 വർഷം മുതൽ സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് അർഹത നേടുന്നവർക്ക് 50% ഫെലോഷിപ്പ് വർദ്ധനവ് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ6 വിഭാഗം

സ.ഉ.നം. 5947/എ6/2/ജെ.ആർ.എഫ്-2017/അക്കാദമിക്പി.ഡി.ഹിൽസ്, തീയതി: 06.10.2017

---

പരാമർശം:- 1) 11.08.2017 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം.നം. 206/17.08/171722

2) 29.08.2017 ലെ സ.ഉ.നം.5298/എ6/2/ജെ.ആർ.എഫ്-2017/അക്കാദമിക്

3) 24.08.2017 ൽ കൂടിയ സിൻഡിക്കേറ്റ് ധനകാര്യഉപസമിതിയുടെ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം.നം. OA 1 എന്ന ശുപാർശ.

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് അർഹരായ ഗവേഷകർക്ക് പ്രതിമാസം 6000/- രൂപ നിരക്കിൽ നൽകികൊണ്ടിരിക്കുന്ന ഫെലോഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റിന്റെ ധനകാര്യ ഉപസമിതിയെ പരാമർശം (1) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

24.08.2017 ൽ കൂടിയ സിൻഡിക്കേറ്റ് ധനകാര്യ ഉപസമിതിയുടെ യോഗം പരാമർശം (3) പ്രകാരം 2017-18 അക്കാദമിക വർഷം മുതൽ ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് അർഹത നേടുന്നവർക്ക് 50% ഫെലോഷിപ്പ് വർദ്ധനവ് നൽകുവാൻ ശുപാർശ ചെയ്തു. ഈ ശുപാർശ വൈസ് ചാൻസലർ പരിഗണിക്കുകയും മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരം 2017-18 അക്കാദമിക വർഷം മുതൽ സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് അർഹത നേടുന്നവർക്ക് ഫെലോഷിപ്പ് വർദ്ധനവ് നൽകുവാനുള്ള ശുപാർശ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ശ്രീരാജ് ആർ.

അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി.

പകർപ്പ്.

1. ഗവേഷണ കേന്ദ്രങ്ങൾ
2. വൈസ്ചാൻസിലർ/പ്രൊവൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ,പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. എസി.സി.1 & 2 സെക്ഷനുകൾ.
5. എസി.എ2/10/11/ഇ.ബി.10 സെക്ഷനുകൾ.
6. പി.ആർ.ഒ./ഐ.ക്യൂ.എ.സി
7. ഓഡിറ്റ് 5/ഫിനാൻസ് 6 സെക്ഷനുകൾ.
8. ഗവൺമെന്റ് ഓഡിറ്റ്
9. ജനറൽ ക്യാഷ് സെക്ഷൻ
10. റെക്കോർഡ് സെക്ഷൻ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.
11. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ